എൽ.ആർ.(ബി2)-7290/16

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്
മ്യൂസിയം പി.ഒ, തിരുവനന്തപുരം-33
ഫോൺ നമ്പർ :0471-2321229, 8547610002.
ഇ-മെയിൽ : *lrbclrtvm@gmail.com*
തീയതി : 10/10/2017

# സർക്കുലർ

വിഷയം : റവന്യൂ വകുപ്പ് - ആർ.ആർ ഐ.ടി പ്ലാറ്റ്ഫോം - കേരളാ റവന്യൂ റിക്കവറി ആക്ട് 1968 - റവന്യൂ റിക്കവറി നടപടികൾ സുഗമമാക്കുന്നതിനായി ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയത് - സംബന്ധിച്ച്.

പരാമർശം : 21.04.17 ലെ ഇതേ നമ്പർ സർക്കുലർ.

കേരളാ റവന്യൂ റിക്കവറി ആക്ട് 1968 പ്രകാരമുള്ള റവന്യൂ റിക്കവറി നടപടികൾ കൂടുതൽ സുഗമമാക്കുന്നതിന്റെ ഭാഗമായി 01.01.17 മുതൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിരുന്നു. എന്നാൽ റവന്യൂ, റിക്വിസിഷൻ അതോറിറ്റി ഉദ്യോഗസ്ഥർ സോഫ്റ്റ് വെയർ അനുശാസിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. സോഫ്റ്റ് വെയർ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി 29.06.17 ന് ചേർന്ന വീഡിയോ കോൺഫറൻസിൽ ജില്ലാതല റവന്യൂ ഉദ്യോഗസ്ഥർ വിവിധ പോരായ്മകൾ ചൂണ്ടികാണിച്ചു. ഈ പോരയ്മകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്ന കേസ്സുകളുടെ വിവരം അർത്ഥനാധികാരികൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്ന കേസ്സുകളുടെ തീർപ്പാക്കൽ ഉത്തരവ്, തുക എന്നിവയുടെ വിവരങ്ങൾ റിക്വിസിഷൻ അതോറിറ്റികൾ നിർബന്ധമായും സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതാണ്.
- ബാങ്ക് ലോൺ കേസ്സുകളിൽ Purpose എന്താണെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
- കുടിശ്ശിക തുക ഗഡുക്കളായി / മൊത്തമായി ഈടാക്കിയ വിവരം വില്ലേജ് ഓഫീസർമാർ യഥാസമയം ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്തതുമൂലം റിക്വിസിഷൻ സോഫ്റ്റ് വെയറിൽ പെൻഡിംഗിലായി തുടരുന്നു. കുടിശ്ശിക തുക ഈടാക്കിയ രസീതിലെ തീയതി മുതൽ **ഏഴു ദിവസത്തിനകം**

സോഫ്റ്റ് വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും, പ്രസ്തുത ദിവസത്തിനുശേഷം എന്തെങ്കിലും ബാദ്ധ്യതകളുണ്ടെങ്കിൽ ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതുമാണ്.

- കളക്ഷൻ വിവരം സോഫ്റ്റ് വെയറിൽ രേഖപ്പെടത്തിയതിനുശേഷം Close ചെയ്യേണ്ടതാണ്. ഇല്ലെങ്കിൽ പെൻഡിംഗ് ലിസ്റ്റിൽ തുടരുന്നതാണ്.
- വില്ലേജുകളിൽ നിന്നും റിക്വിസിഷൻ മടക്കുന്ന കേസ്സുകളിൽ യഥാസമയം കളക്ടറേറ്റിൽ നിന്നും Approval ചെയ്യാത്തതിനാൽ ഡിമാന്റിൽ നിന്നും ഒഴിവാകുന്നില്ല. ആയതിനാൽ റിക്വിസിഷൻ മടക്കുന്ന കേസ്സുകളിൽ യഥാസമയം Approve ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ കള്ടർമാർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**ജോയിന്റ് കമ്മീഷണർ**
**ലാൻഡ് റവന്യൂ**

**എല്ലാ ജില്ലാ കളക്ടർമാർക്കും, റിക്വിസിഷൻ അതോറിറ്റികൾക്കും**

പകർപ്പ്:
1) കമ്മീഷണർ (സി.എ മുഖേന)
2) ജോയിന്റ് കമ്മീഷണർ (സി.എ മുഖേന)
3) എൻ.ഐ.സി, തിരുവനന്തപുരം
(ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് )
4) കരുതൽ ഫയൽ

**// അംഗീകാരത്തോടെ //**

**സീനിയർ സൂപ്രണ്ട്**